പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1356

30-09-2011 ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.കെ.ദാസൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കാനും കൃഷിക്കാർക്ക് സഹായകരമായ രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ; | (എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പൂർണ്ണമായും സൗജന്യമായി വിത്തും 50% സബ്സിഡി നിരക്കിൽ ഉൽപ്പാദന ഉപാധികളായ വളം, സസ്യസംരക്ഷണ മരുന്നുകൾ എന്നിവയും 50% സബ്സ്ഡി നിരക്കിൽ സ്പ്രേയർ, പമ്പ് സെറ്റുകൾ തുടങ്ങി കാർഷികോപകരണങ്ങളും സമിതികൾക്ക് 100% സബ്സിഡിയിൽ ട്രാക്ടറുകൾ, ടില്ലറുകൾ, കൊയ്ത്തുമെതിയന്ത്രങ്ങൾ എന്നിവയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാവുന്നതാണ്. കൂടാതെ വിള ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി 75% വും കൃഷിച്ചെലവ് ഇനത്തിൽ 2500 രൂപയും അനുവദിക്കാവുന്നതാണ്. |
| (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സബ്സിഡി നിരക്കിൽ വിത്തും വളവും കൃഷിക്കാർക്ക് നൽകാൻ എന്തെല്ലാം പദ്ധതികളാണുള്ളത്; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഗ്രാമസഭകൾ വഴി എടുക്കുന്ന തീരുമാനങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി തയ്യാറാക്കുന്ന പദ്ധതികൾ പ്രകാരം പൂർണ്ണമായും സൗജന്യമായി വിത്തും 50% സബ്സിഡി നിരക്കിൽ വളവും കർഷകർക്ക് നൽകാവുന്നതാണ്. |
| (സി) നെൽകൃഷിക്കാർക്ക് ഇൻഷ്വറൻസ് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി എപ്പോഴാണ് നിലവിൽ വന്നത് എന്ന് അറിയിക്കുമോ? | (സി) നെൽകൃഷിക്കാർ ഉൾപ്പെടെയുള്ള കർഷകർക്കായി 'കിസാൻ ശ്രീ' എന്ന പേരിൽ സമഗ്ര ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 2007-08 വർഷം നടപ്പിലാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ